പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3145 22/06/2012-ൽ മറുപടിക്ക്

നഗരസ്വഭാവമുള്ള പഞ്ചായത്തുകളിൽ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പുന:സ്ഥാപിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി : | | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | 2011-ലെ കേരള പഞ്ചായത്ത്-കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കിയ ശേഷം നഗരസ്വഭാവമുള്ള പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണം നടത്തുന്നവർ വളരെയധികം പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ചില ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നഗരസ്വഭാവമുള്ള പഞ്ചായത്തുകളിൽ മുമ്പ് നിലവിലുണ്ടായിരുന്ന കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പുന:സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പഞ്ചായത്തു പ്രദേശങ്ങൾക്കുവേണ്ടി പ്രത്യേകം കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലായിരുന്ന സാഹചര്യത്തിലാണ് കേരള പഞ്ചായത്ത്രാജ് ആക്റ്റിലെ 274 (1) വകുപ്പു പ്രകാരം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പഞ്ചായത്ത് പ്രദേശങ്ങൾക്കും ബാധകമാക്കിയിരുന്നത്. എന്നാൽ കേരള പഞ്ചായത്ത്രാജ് ആക്റ്റിലെ 235 A വകുപ്പു പ്രകാരം പഞ്ചായത്തു പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്തു പ്രദേശങ്ങൾക്കു മാത്രമായി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011-ൽ പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ, പഞ്ചായത്തു പ്രദേശങ്ങളിൽ വീണ്ടും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നത് അഭികാമ്യമല്ല. |

(ഒപ്പ്)
സെക്ഷൻ ആഫീസർ